(ഇ) അധികൃതരുടെ വീഴ്ചമൂലം പ്രമോഷൻ നിഷേധിക്കപ്പെട്ട സംഭവങ്ങൾ സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ പ്രമോഷനുകൾ ഉടനടി നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) നിലവിലുള്ള ചട്ടങ്ങളിൽ (കെ.എസ്.എസ്.ആർ.പാർട്ട്-2) റൂൾ 28 ബി) ഏതെങ്കിലും ഒരു ജീവനക്കാരൻ ദീർഘകാല അവധിയിൽ പ്രവേശിച്ചശേഷം തിരികെ ജോലിയിൽ പ്രവേശിക്കുമ്പോൾ ലീവിന് പോകുന്നതിനു മുൻപുള്ള മൂന്ന് വർഷത്തെ സി.ആർ. ഉണ്ടെങ്കിൽ അത് പരിശോധിച്ചും അല്ലെങ്കിൽ ലീവ് കഴിഞ്ഞ് വന്നതിന് ശേഷമുള്ള ഒരു വർഷത്തെ സി.ആർ. പരിശോധിച്ചശേഷം പ്രമോഷൻ നടപ്പാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

(സി) ഇല്ല

(ഡി)&(ഇ) ഇല്ല.

129 (129) ആരോഗ്യവകുപ്പിലെ ഡോക്ടർമാരുടെ നിയമനം

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. പി.കെ. അബ്ദുറബ്ബ് :

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിൽ അസിസ്റ്റന്റ് സർജൻമാരുടെ എത്ര ഒഴിവുകളുണ്ട്.

(ബി) വേണ്ടത്ര ഡോക്ടർമാരെ പി.എസ്.സി. വഴി നിയമിച്ച് ആശുപത്രികളിലെ ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുമോ;

(സി) പുതിയതായി നിയമിക്കുന്ന ഡോകടർമാരുടെ സേവനം പി. എച്ച്.സി. കൾക്ക് നൽകാനും അവിടെ രണ്ടുകൊല്ലത്തിൽ കൂടുതൽ സർവ്വീസ് ഉള്ളവരെ അതത് ജില്ലകളിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ മാറ്റി നിയമിക്കാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും കരാർ അടിസ്ഥാനത്തിലും ഡോക്ടർമാർ താൽക്കാലികമായി നിയമിക്കപ്പെട്ടിട്ടുള്ളതു കഴിച്ച് 98 ഒഴിവുകൾ മാത്രമാണുള്ളത്. ഡോക്ടർമാരുടെ എല്ലാ ഒഴിവുകളും യഥാകാലം റിപ്പോർട്ട് ചെയ്തിട്ടുള്ളതനുസരിച്ച്, നിയമനത്തിനുള്ള എഴുത്തു പരീക്ഷയും, ഇന്റർവ്യൂവും പി.എസ്.സി. നടത്തിക്കഴിഞ്ഞു. പി.എസ്.സി. അഡ്വൈസ് നൽകിയാലുടൻതന്നെ ഡോക്ടർമാരെ നിയമിക്കുന്നതാണ്.

(സി) പുതുതായി നിയമിക്കപ്പെടുന്ന ഡോക്ടർമാരെ കഴിവതും പി. എച്ച്.സി.കളിലാണ് നിയമിക്കാറ്. അവിടെ ജോലി ചെയ്യുന്ന ഡോക്ടർമാരെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രികളിൽ മാറ്റി നിയമിക്കാറുണ്ട്.

130 (130) മെഡിക്കൽ കോളേജ് ആശുപത്രികളിലെ റസിഡൻസി സംപ്രദായം

ശ്രീ. കെ.പി. വിശ്വനാഥൻ :

ശ്രീ. പാലോട് രവി :

LIBRARY ARCHIVES Kerala Legislative Assembly

ഡോക്ടർ എം.എ.കുട്ടപ്പൻ :

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽകോളേജ് ആശുപത്രികളിൽ റസിഡൻസി സംപ്രദായം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നു മുതലെന്നു വ്യക്തമാക്കുമോ;

(ബി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ രൂപീകരിച്ച കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്.

(സി) കമ്മിറ്റി ശുപാർശ സമർപ്പിച്ചുവോ;

(ഡി) ഇല്ലെങ്കിൽ ശുപാർശ ഏതു തീയതിക്കുള്ളിൽ സമർപ്പിക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്?

ഉത്തരം

(എ)&(ബി) മെഡിക്കൽകോളേജ് ആശുപത്രികളിൽ റസിഡൻസി സംപ്രദായം നടപ്പിലാക്കുന്നത് സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. 16.4.99-ന് മന്ത്രിസഭാ ഉപസമിതി ഹൗസ് സർജൻമാരുടേയും പി.ജി.വിദ്യാർത്ഥികളുടേയും പ്രതിനിധികളുമായി നടത്തിയ ചർച്ചയിൽ റസിഡൻസി സംപ്രദായം നടപ്പിലാക്കുന്നതു സംബന്ധിച്ച് വിവിധവശങ്ങൾ പരിശോധിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആരോഗ്യ/ധനകാര്യവകുപ്പു പ്രതിനിധികളും, പി.ജി. വിദ്യാർത്ഥി/മെഡിക്കൽ കോളേജ് അദ്ധ്യാപക പ്രതിനിധികളും എക്സ്പർട്ടുകളും ഉൾക്കൊള്ളുന്ന കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി.

(സി) ഇല്ല.

(ഡി) തീയതി നിശ്ചയിച്ചിട്ടില്ല.

131 (131) തൃശ്ശൂർ മെഡിക്കൽ കോളേജിലെ യൂറോളജി ഡിപ്പാർട്ട്മെന്റ്

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മെഡിക്കൽ കോളേജിൽ യൂറോളജി ഡിപ്പാർട്ട്മെന്റ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമുള്ള ഡോക്ടർമാരെ നിയമിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) യൂറോളജി ഡിപ്പാർട്ട്മെന്റിൽ ഒരു അസിസ്റ്റന്റ് പ്രൊഫസറുടെ തസ്തിക അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഡോക്ടറെ നിയമിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) 31.3.99 ലെ ജി.ഒ. (എം.എസ്സ്) നം 124/99/ആ.കു.വ. ഉത്തരവ് പ്രകാരം തൃശ്ശൂർ മെഡിക്കൽ കോളേജിൽ യൂറോളജി ഡിപ്പാർട്ട്മെൻറ് ആരംഭിച്ചുകഴിഞ്ഞു. ഈ വകുപ്പിലേക്ക് ഒരു അസിസ്റ്റന്റ് പ്രൊഫസറുടെയും, ഒരു ലക്ചററുടെയും തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നത്. ലക്ചറർ തസ്തികയിൽ ഒരു ഡോക്ടറെ നിയമിച്ചു കഴിഞ്ഞു. അസിസ്റ്റന്റ് പ്രൊഫസർ

LIBRARY ARCHIVES Kerala Legislative Assembly